അനുവദിച്ചിട്ടുള്ളൂ. ഗവൺമെന്റ് സ്വന്തമായി കെട്ടിടങ്ങളും പണിയുന്നതുവരെ നാട്ടുകാർ പെർമെനന്റ് ഷെഡ്ഡുകളും പണിയാൻ തയ്യാറായാൽ അവിടെ ഈ വർഷംതന്നെ സീറ്റുകളും കൂട്ടാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: ജൂനിയർ ടെക്നിക്കൽ സ്കൂളിന്റെ പേര് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ടെക്നിക്കൽ സ്കൂൾ' എന്നാക്കി മാറ്റിയിട്ടുണ്ട്. പുതുതായി ആരംഭിച്ച 10 ടെക്നിക്കൽ സ്കൂളുകളിൽ പ്രധാനമായും രണ്ട് ട്രേഡുകളാണ് തുടങ്ങിയിരിക്കുന്നത്. ഒരു ട്രേഡിൽ 10 കുട്ടികൾക്ക് വീതമാണ് പ്രവേശനം കൊടുത്തിട്ടുള്ളത്. മൂന്നുവർഷത്തിനുള്ളിൽ അവിടെ 8 (എട്ട്) ട്രേഡുകളും ആരംഭിച്ച് 80 കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയും.

ശ്രീ. വി.ജെ. തങ്കപ്പൻ: സഹകാര്യമേഖലയിൽ പുതിയതായി അനുവദിച്ചിട്ടുള്ള 15 പോളിടെക്നിക്കുകളും തുടങ്ങുന്നതിനുള്ള ചെലവിന്റെ എത്ര ശതമാനമാണ് ഗവൺമെന്റ് വഹിക്കുന്നത്, ഇങ്ങനെ 15 പോളിടെക്നിക്കുകളും തുടങ്ങുമ്പോൾ എത്ര രൂപ ബജനാവിൽനിന്ന് കൊടുക്കേണ്ടിവരും?

ശ്രീ. ടി.എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് ആകെ 25 പോളിടെക്നിക്കുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ ഏഴ് പോളിടെക്നിക്കുകളും സഹകാര്യമേഖലയിലാണ്. ഈ ഏഴ് പോളിടെക്നിക്കുകൾക്ക് അന്ന് ഉണ്ടായിരുന്ന വ്യവസ്ഥ മൂലധനച്ചെലവിന്റെ 75 ശതമാനം ഗവൺമെന്റ് വഹിക്കുകയും 25 ശതമാനം മാനേജുമെന്റ് വഹിക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു. അതിപ്പോൾ ഗവൺമെന്റ് മാറ്റിയിട്ടുണ്ട്. മൂലധനച്ചെലവിന്റെ 25 ശതമാനം ഗവൺമെന്റും 75 ശതമാനം മാനേജുമെന്റും എന്നാക്കി മാറ്റിയിട്ടുണ്ട്. അതു പോലെതന്നെ ആവർത്തനച്ചെലവും. മുമ്പ് ആവർത്തനച്ചെലവ് മുഴുവൻ ഗവൺമെന്റ് തന്നെയാണ് വഹിക്കുന്നത്. എന്നാൽപുതിയതായി ആരംഭിക്കാൻ പോകുന്ന 15 പോളിടെക്നിക്കുകളുടെ ആവർത്തനച്ചെലവിന്റെ 25 ശതമാനം മാനേജ്മെന്റ് വഹിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഒരു പോളിടെക്നിക്ക് ആരംഭിക്കാൻ നാലു വർഷക്കാലംകൊണ്ട് രണ്ടരക്കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതനുസരിച്ച് ഇതിന്റെ ശതമാനം കണക്കാക്കാവുന്നതേയുള്ളൂ.

ജസ്റ്റിസ് കുമാരി ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ട്

* 164 [210] ശ്രീ. ടി.കെ. ഹംസ:

ശ്രീമതി കെ.ആർ. ഗൗരി:

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ:

" എം.വി. രാഘവൻ:

" വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജസ്റ്റീസ് കുമാരി ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിച്ചു;

(ബി) ക്രമക്കേടുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ മന്ത്രിയല്ല ഉദ്യോഗസ്ഥൻമാരാണ് ഉത്തരവാദികളെന്ന് കമ്മീഷൻ നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിലെ ആരുടെയെങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): (എ, ബി, സി, ഡി)

കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ച് അതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് മാർച്ച് മാസത്തിൽ സഭയുടെ മേശപ്പുറത്തുവച്ചിട്ടുണ്ട്. റിപ്പോർട്ടിലെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെ ആരുടെയും പേരിൽ നടപടി എടുത്തിട്ടില്ല.

ശ്രീമതി കെ.ആർ. ഗൗരി: മന്ത്രി കുറ്റം ചെയ്തിട്ടില്ല, മറ്റ് ഉദ്യോഗസ്ഥൻമാരാണ് കുറ്റം ചെയ്തതെന്നു പറഞ്ഞാൽ കുറ്റക്കാരുടെ പേരിൽ ഏതെങ്കിലും വിധത്തിൽ നടപടി എടുക്കേണ്ടതല്ലേ?

ശ്രീ. വയലാർ രവി: കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമായി ഇന്നയിന്ന കുറ്റങ്ങൾ ഏതെങ്കിലും ഉദ്യോഗസ്ഥൻ ചെയ്തതായി പറഞ്ഞിട്ടില്ല. അതുകൊണ്ടാണ് പ്രത്യേകമായ നടപടികൾ സ്വീകരിക്കാതിരുന്നത്.

ശ്രീമതി കെ.ആർ. ഗൗരി: കമ്മീഷൻ റിപ്പോർട്ടിന് ആധാരമായി കൊടുത്തിരുന്ന പരാതി നടന്ന കാലത്ത് ബോർഡിലെ ഉദ്യോഗസ്ഥൻമാർ ആരായിരുന്നു. അവരുടെ പേരിൽ എന്തെങ്കിലും സമാധാനമെങ്കിലും ചോദിച്ചിട്ടുണ്ടോ?

ശ്രീ. വയലാർ രവി: അന്ന് ബോർഡിന്റെ ചെയർമാനായിരുന്ന ആൾ ഇന്ന് ചെയർമാനല്ല. ചീഫ് എഞ്ചിനീയറായിരുന്നിട്ടുള്ള ഒരാൾ ഇന്ന് ചെയർമാനായിട്ടുണ്ട്. 1982 മുതലുള്ള കാര്യങ്ങളെക്കുറിച്ചാണ് അന്ന് പെറ്റീഷൻ കൊടുത്തിരുന്നത്. പ്രതിപക്ഷനേതാവ് ശ്രീ. ഇ.കെ. നായനാരടക്കം, ബേബി ജോൺ, ഷൺമുഖദാസ്, മമ്മുഹാജി, ചന്ദ്രശേഖരൻ, സുരേന്ദ്രനാഥ് തുടങ്ങിയവരാണ് പരാതി കൊടുത്തിരുന്നത്. ആ പരാതി കൊടുത്തിരുന്നകാലത്ത് രാമചന്ദ്രൻ നായർ ഇലക്ട്രിസിറ്റി ബോർഡിന്റെ ചെയർമാനായിരുന്നു. ചീഫ് എഞ്ചിനീയറായിരുന്നത് കേശവപിള്ള എന്നൊരാളായിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ എൻക്വയറി നടത്തുകയും ജനകിയമ്മ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പൂർണ്ണമായി അംഗീകരിക്കുകയുമുണ്ടായി. ആ ഒരു റിപ്പോർട്ടിലും മന്ത്രി ഏതെങ്കിലും കാര്യത്തിൽ ഇടപെടുകയോ കുറ്റം ചെയ്യുകയോ ചെയ്തതായി പറഞ്ഞിട്ടില്ല. ഇത് വ്യക്തമായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: ക്രമക്കേടുകളും വല്ലതും ഉണ്ടെങ്കിൽ ഉദ്യോഗസ്ഥൻമാരാണ് മന്ത്രിയല്ല ചെയ്തിട്ടുള്ളത് എന്നു കമ്മീഷൻ പറഞ്ഞിരിക്കുകയാണ്. അങ്ങനെവല്ല ക്രമക്കേടുകളും നടന്നു എന്നു ഗവൺമെൻറിന് ബോദ്ധ്യപ്പെട്ട ശേഷം ആ ഉദ്യോഗസ്ഥൻ ആരാണ് എന്നു കണ്ടുപിടിക്കാൻ വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വയലാർ രവി: രണ്ടു കാര്യങ്ങളാണ് കമ്മീഷൻ ക്രമക്കേടുകളെപ്പറ്റി പറഞ്ഞിട്ടുള്ളത്. ഏതെങ്കിലും തരത്തിൽ ഇറെഗുലാരിറ്റി ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് ഒരിക്കലും മന്ത്രി ഉത്തരവാദിയല്ല എന്നു പറഞ്ഞിട്ടുണ്ട്. ഇറെഗുലാരിറ്റി എന്തെങ്കിലും ഉള്ളതായി കമ്മീഷൻ എടുത്തു പറഞ്ഞിട്ടില്ല. 12 കാര്യങ്ങളിലും മന്ത്രി ഇടപെട്ടു എന്നതിന് യാതൊരുവിധമായ തെളിവുകളും ആർക്കും ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല എന്നും കമ്മീഷൻ പറഞ്ഞിട്ടുണ്ട്.

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: രണ്ട് കാര്യങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ ആ കാര്യങ്ങളും ഏതൊക്കെയാണെന്നു വ്യക്തമാക്കാമോ?

ശ്രീ. വയലാർ രവി: ക്രമക്കേടുകളും ചൂണ്ടിക്കാണിക്കുകയല്ല, 'If any' എന്നാണു പറഞ്ഞിരിക്കുന്നത്. കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്തു വച്ചിരിക്കുകയാണ്. അതിൽ ഏതെങ്കിലും രാഗത്ത് ഉദ്യോഗസ്ഥൻമാരുടെ പേരിൽ ഇറെഗുലാരിറ്റി ഉണ്ടെന്നു ചൂണ്ടിക്കാണിച്ചാൽ മാത്രമേ അതു പരിശോധിക്കാൻ സാധിക്കൂ. കമ്മീഷൻ അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. എം.വി. രാഘവൻ: മന്ത്രിയായിരുന്ന ശ്രീ. ബാലകൃഷ്ണപിള്ളയുടെ ബന്ധുവിനെ സൗകര്യമനുസരിച്ച് പ്രൊമോട്ടു ചെയ്തു ട്രാൻസ്ഫർ ചെയ്തതിന് മന്ത്രിക്ക് പരോക്ഷമായ ഉത്തരവാദിത്വം ഉണ്ടെന്നുള്ള സൂചന ആ റിപ്പോർട്ടിൽ ഇല്ലേ? അതേക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. വയലാർ രവി: ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ടിൽ ബന്ധുവിന്റെ പ്രൊമോഷനെക്കുറിച്ചോ ട്രാൻസ്ഫറിനെക്കുറിച്ചോ പറഞ്ഞിട്ടില്ല. എന്നാൽ അദ്ദേഹത്തോടു ബന്ധപ്പെട്ടു ഒരാളായ പ്രഭാകരൻ നായരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അതിൽ മന്ത്രിക്ക് യാതൊരു ബന്ധവും ഇല്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽ ട്രാൻസ്ഫറോ പ്രമോഷനോ ഇല്ല. അദ്ദേഹം ഒരു എജൻറ് മാത്രമാണ്.

ശ്രീ. എം.വി. രാഘവൻ: എജൻറ് ആണോ ഡെപ്യൂട്ടേഷനാണോ?

ശ്രീ. വയലാർ രവി: നാരായണപിള്ള കമ്മീഷനാണ് മന്ത്രിയുടെ ഒരു ബന്ധുവിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ് വിജിലൻസ് ഡിപ്പാർട്ടുമെൻറ് അന്വേഷിച്ചു കൊണ്ടിരിക്കുന്നത്. ജാനകിയമ്മ കമ്മീഷനിൽ ഇങ്ങനെയൊരു ബന്ധുവിന്റെ പ്രൊമോഷനെക്കുറിച്ചോ ട്രാൻസ്ഫറിനെക്കുറിച്ചോ പറഞ്ഞിട്ടില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ജസ്റ്റീസ് ജാനകിയമ്മ കമ്മീഷൻ ഗവൺമെൻറ് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കിയത്

LIBRARY ARCHIVES Kerala Legislative Assembly

ഈ പരാതിക്കാരുടെ പരാതിയെ അടിസ്ഥാനമാക്കിയാണോ? അതോ ഗവൺമെൻറ് ഈ കാര്യത്തിൽ ഡിസ്ക്രീഷണറി പവേഴ്സ് ഉപയോഗിച്ചണോ ചെയ്തത്?

ശ്രീ. വയലാർ രവി: ടേംസ് ഓഫ് റഫറൻസ് എന്നു പറയുന്നത് പതിനാലു പരാതികളിൽ പന്ത്രണ്ടെണ്ണം കമ്മീഷനു വിടുകയും അതിൽ മന്ത്രിക്ക് പങ്കുണ്ടോ എന്ന് പരിശോധിക്കാൻ പറയുകയുമാണ് ചെയ്തിട്ടുള്ളത്. പരാതികളിൽ 14—ൽ 12 എണ്ണവും കമ്മീഷനു കൊടുക്കുകയുണ്ടായി. രണ്ടെണ്ണംമാത്രം നാരായണപിള്ള കമ്മീഷൻ നേരത്തേ നോക്കിയതുകൊണ്ട് വിട്ടുകൊടുത്തില്ല എന്നേയുള്ളു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ചോദ്യം അതല്ല. ടേംസ് ഓഫ് റഫറൻസ് തീരുമാനിക്കുന്നതിനായി ഗവൺമെൻറ് ചില മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു പരാതിവന്നാൽ ആ പരാതിയുടെ ഏറ്റവും മുഖ്യമായ അംശത്തിന് പ്രയോരിറ്റി കൊടുത്തുകൊണ്ടാണ് ടേംസ് ഓഫ് റഫറൻസ് തീരുമാനിക്കുന്നത്. ജസ്റ്റീസ് ജാനകിയമ്മക്കമ്മീഷനു ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചത് ഈ മാനദണ്ഡങ്ങളെ എല്ലാം ലംഘിച്ചുകൊണ്ട് മന്ത്രിയെ സ്ഹായിക്കണം എന്നുള്ള മുൻവിധിയോടുകൂടിയായിരുന്നില്ലേ?

ശ്രീ. വയലാർ രവി: ഈ അന്വേഷണത്തിന് ആധാരമായത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കൻമാർ നൽകിയ പരാതി, അല്ലെങ്കിൽ ആരോപണങ്ങളാണ്. മന്ത്രി നേരിട്ട് കൈകടത്തുകയും മന്ത്രി ലാഭമുണ്ടാക്കുകയും ചെയ്തിരിക്കുന്നു എന്നായിരുന്നു ആക്ഷേപം. ഈ ആക്ഷേപങ്ങളിൽ പന്ത്രണ്ടെണ്ണം കമ്മീഷനു സമർപ്പിക്കുകയും ആരോപണങ്ങളിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്നു പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയുമാണ് ചെയ്തിട്ടുള്ളത്.

ശ്രീ. ഇ.കെ. നായനാർ: ഇവിടെ ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പതിനെട്ടുമാസമായി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ട്. (മാർച്ചിലാണ് റിപ്പോർട്ട് വച്ചത് എന്നാണ് പറഞ്ഞത്) ഈ പതിനെട്ടു മാസമായിട്ടും റിപ്പോർട്ടിൻമേൽ നടപടിയെടുത്തിട്ടില്ല. ഞങ്ങളുടെ രണ്ട് അഭിഗേഷനുകളും തള്ളി. അത് നാരായണപിള്ള കമ്മീഷൻ റിപ്പോർട്ട് നൽകിയതുകൊണ്ടല്ലേ. ക്യാബിനറ്റ് കൂടി തള്ളിയതാണ്. ജസ്റ്റീസ് ജാനകിയമ്മ കമ്മീഷൻ പറഞ്ഞിരിക്കുന്നത്, "In this case there was a suggestion to retender by the Financial Advisor and Chief Accounts Officer, But the Chief Engineer did not recommend the retender as the work was urgent. Even assuming that the award of the contract to Indian Home Pipe Co. Limited. was irregular there is nothing to show that either the Minister or the Government had anything to do with the choice of the contractor. The Board which is an autonomous Body was responsible for the selection". അതുപോലെതന്നെ "In any case the Committee of the Board and the Board alone were responsible for the irregularities, if any, and not the Minister or the Government." ഇനി മിനിസ്റ്ററെ സംബന്ധിച്ചാണെങ്കിൽ ഇവിടെ പറഞ്ഞു, യാതൊരു തെളിവും ഇല്ലെന്ന്. Responsible Board എന്നു പറഞ്ഞിരിക്കുന്നു. ജാനകിയമ്മ കമ്മീഷന്റെ റിപ്പോർട്ടാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

അതിൽത്തന്നെ എഴുതിവച്ചിട്ടുണ്ട്. പതിനെട്ടുമാസമായി റിപ്പോർട്ട് കിട്ടിയിട്ട്, എന്നിട്ട് ഒരു ഉദ്യോഗസ്ഥനേയും ശിക്ഷിച്ചിട്ടില്ല. രാമൻനായർ എന്നാണ് പറയുന്നത്. രാമൻനായരല്ല രാമഭദ്രനാണ്. അതുവരെ അറിയില്ല; മറച്ചുവയ്ക്കുകയാണ്. മിനിസ്റ്ററെക്കുറിച്ചുള്ള കാര്യങ്ങളും ഉള്ള റിപ്പോർട്ടാണ് ഇത്. ആ അന്വേഷണ റിപ്പോർട്ടിൽ മന്ത്രി ഒരു ഉണ്ണികൃഷ്ണൻനായരെ സ്പെഷ്യൽ തഹസീൽദാരായി കൊട്ടാരക്കരയിൽ നിയമിക്കുന്നതിന് ഫേവർ ചെയ്തിട്ടുണ്ട് എന്ന് ഇതിൽ പറയുന്നുണ്ട്. ''It is pertinent to note that the proposal to bifurcate the post was made by the Special Deputy Collector in a note to the Minister himself and not his immediate superior officer''. ''Minister himself'' ഇതേക്കുറിച്ച് ഇവിടെ സത്യവിരുദ്ധമാണ് പറയുന്നത്. അതാണ് റിപ്പോർട്ട് വായിക്കുന്നത്. ആ രൂപത്തിൽ മിനിസ്റ്റർ ഫേവർ ചെയ്തിട്ടുള്ളതായിട്ടാണ് റിപ്പോർട്ടിൽ പറയുന്നത്. അതാണ് ഞാൻ വായിച്ചത്. നമ്പർ (3), നമ്പർ (7) ഇതിൽ ബോർഡ് മെയിനായിട്ട് റെസ്പോൺസിബിലം ആണെന്നു പറഞ്ഞു. പതിനെട്ടു മാസത്തിനു മുൻപ് റിപ്പോർട്ട് വച്ചിട്ടും ഇതിൽ ഒരു നടപടിയും സ്വീകരിക്കാതെ ഈ അഴിമതിക്കാരെ സംരക്ഷിക്കുകയല്ലേ നിങ്ങൾ ചെയ്തത് എന്നു പറയണം.

ശ്രീ. വയലാർ രവി: റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ, മന്ത്രി എന്തെങ്കിലും തരത്തിൽ ഇതിൽ നടപടിയെടുത്തിട്ടുണ്ടോ എന്നാണ് കമ്മീഷനോട് പരിശോധിക്കുവാൻ ആവശ്യപ്പെട്ടത്. മന്ത്രി ഈ കാര്യത്തിൽ ഇടപെട്ടിട്ടില്ല എന്നു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ശ്രീ. എം.വി. രാഘവൻ നേരത്തെ ചോദിച്ച ചോദ്യം ശരിയാണ്. I stand corrected. അലിഗേഷൻ നമ്പർ 1½–ൽ ആണ് തഹസിൽദാരുടെ പ്രൊമോഷണനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. മന്ത്രിക്ക് ഏതെങ്കിലും തരത്തിൽ താൽപ്പര്യമുള്ളതായി എന്നു കമ്മീഷനു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതിൽ പ്രധാനമായും പറഞ്ഞിട്ടുള്ളത്, ശ്രീ. ഇ.കെ. നായനാരടക്കം പരാതി കൊടുത്തിട്ടുള്ള പ്രതിപക്ഷത്തുള്ള നേതാക്കൻമാർ ആരുംതന്നെ ഈ കമ്മീഷനുമായി സഹകരിക്കുകയോ യാതൊരുവിധ തെളിവുകളും കൊടുക്കുകയോ ചെയ്തിട്ടില്ല എന്നാണ്.

ശ്രീ. കെ.പി.എ. മജീദ്: പരാതിയുടെ അടിസ്ഥാനത്തിൽ, ആ പരാതിയിൽ ചൂണ്ടിക്കാണിച്ചതു പ്രകാരം ടേംസ് ഓഫ് റഫറൻസ് ഉണ്ടാക്കുകയും അന്വേഷണക്കമ്മീഷനെ നിയമിക്കുകയും ചെയ്തതിനുശേഷം ആ കമ്മീഷനുമായി സഹകരിക്കാതെ പരാതിപ്പെട്ടവർ വിട്ടുനിൽക്കുന്നതിനുണ്ടായ കാരണത്തെപ്പറ്റി കമ്മീഷനോ ഗവൺമെൻറിനോ എന്തെങ്കിലും അറിയാമോ?

ശ്രീ. വയലാർ രവി: പ്രതിപക്ഷ നേതാക്കൻമാർ ഈ അന്വേഷണത്തിൽ അവർക്ക് വിശ്വാസമില്ല, അതുകൊണ്ട് സഹകരിക്കുന്നില്ല എന്നു പറഞ്ഞ് പിൻമാറുകയാണ് ഉണ്ടായിട്ടുള്ളത്. കമ്മീഷൻ അതു രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ.പി. പ്രഭാകരൻ: കമ്മീഷന്റെ റിപ്പോർട്ടിൽ പ്രതിപക്ഷ നേതാക്കൻമാർ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നു പറഞ്ഞിട്ടില്ല. നേരെമറിച്ച്, ആ പ്രശ്നങ്ങളുമായി മന്ത്രിക്കുള്ള ബന്ധം എന്താണെന്നു തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് പറയുന്നത്. ഈ ക്രമവിരുദ്ധമായിട്ടുള്ള ടെണ്ടറുകളോ ഫേവറിറ്റിസമോ കാണിച്ചിട്ടുണ്ടെങ്കിൽ അത് ബോർഡ് ഒരു ഓട്ടോണമസ് ബോഡിയാണെന്നു പറയാതെ ഗവൺമെന്റിന്റെ ഒരു പൊതുമേഖലാ സ്ഥാപനമായ ബോർഡ് അത്തരത്തിലുള്ള കാര്യങ്ങൾ നടത്തിയതിന് മന്ത്രിയുടെ പേരിൽ നടപടിയെടുത്തില്ലെങ്കിൽ ബോർഡിലെ ഉദ്യോഗസ്ഥൻമാർ അതിൽ റെസ്പോൻസിബിളാണോയെന്നു പരിശോധിച്ചു നടപടിയെടുക്കാനുള്ള ബാദ്ധ്യതയെങ്കിലും ഗവൺമെന്റിന് ഇല്ലേ?

ശ്രീ. വയലാർ രവി: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെയുള്ള പൊതുവായ കാര്യങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. നാലകത്തു സൂപ്പി: നമ്മുടെ പല എൻക്വയറി കമ്മീഷനുകളും പത്രത്തിൽ കാലാവസ്ഥാ റിപ്പോർട്ട് കാണുന്നതുപോലെ മഴ പെയ്യാനും പെയ്യാതിരിക്കാനും സാദ്ധ്യതയുണ്ട് എന്നു പറയുന്നതു പോലെ കുറ്റം ചെയ്യാനും ചെയ്യാതിരിക്കാനും സാദ്ധ്യതയുണ്ടെന്ന വേഗ് ആയിട്ടുള്ള റിപ്പോർട്ട് തരുന്നതുമൂലം പല സംശയങ്ങളും ഉളവാകുന്നുണ്ട്. അതുകൊണ്ട് നിയോഗിക്കപ്പെടുന്ന കമ്മീഷനുകൾ വ്യക്തമായ ചില ഫൈൻറിംഗ്സ് പറയണം എന്നു നിർദ്ദേശിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. വയലാർ രവി: ഇതിൽ മന്ത്രിക്ക് എതിരായി വന്ന ആരോപണങ്ങളിൽ അദ്ദേഹത്തിന് പങ്കില്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: ഞാനടക്കം ഈ സഭയിൽ എഴുതി ഉന്നയിച്ച ആരോപണങ്ങളിൽ ഒന്നു മുതൽ പതിനൊന്നുവരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് ജസ്റ്റീസ് ജാനകിയമ്മ കമ്മീഷൻ പൊതുവായ ഒരു സമീപനമെടുത്തു. മന്ത്രിക്കോ ഗവൺമെന്റിനോ ഇതിൽ പങ്കാളിത്തമില്ലെങ്കിലും ഒരു ആട്ടോണമസ് ബോർഡ്എന്നുള്ള നിലയിൽ ആ ബോർഡും ഉദ്യോഗസ്ഥൻമാരുമാണ് ഇതിൽ പങ്കാളികളെന്ന് അസന്ദിഗ്ധമായി പറഞ്ഞിരിക്കുന്നു.

"In any case the Committee of the Board and the Board alone were responsible for the irregularities if any and not the Minister or the Government" ബോർഡും ഉദ്യോഗസ്ഥൻമാരുമാണ് ഒന്നു മുതൽ പതിനൊന്നുവരെയുള്ള ആരോപണങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത് എന്നു പറഞ്ഞ സ്ഥിതിക്ക് ഒരു വിജിലൻസ് അന്വേഷണം നടത്താൻ സംസ്ഥാന ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. വയലാർ രവി: മന്ത്രിയെക്കുറിച്ചുള്ള ആക്ഷേപമാണ് വന്നിട്ടുണ്ടായിരുന്നത്. മന്ത്രിക്ക് ഇതിനകത്ത് പങ്കുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ച് പരിശോധിക്കണമെന്നാണ് പറഞ്ഞത്. കാരണം ആരോപണം വിദ്യുച്ഛക്തി വകുപ്പു മന്ത്രിക്കെതിരെ ആയിരുന്നു. ആ ആരോപണം കമ്മീഷൻ പൂർണ്ണമായി പരിശോധിക്കുകയും മന്ത്രിക്ക് അതിൽ പങ്കില്ലെന്ന് വ്യക്തമായി പറയുകയും ചെയ്തിട്ടുണ്ട്. മറ്റേതെങ്കിലും തരത്തിൽ ബോർഡിന്റെതായ് പങ്കുണ്ടെന്നു പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മറിച്ച് ബോർഡ് ഒരു ആട്ടോണമസ് ബോഡിയാണ് എന്നുള്ള ഒരു ഒബ്സർവേഷനാണ് നടത്തിയിട്ടുള്ളത്. എങ്കിലും ഗവൺമെൻറ് ഇത് പരിശോധിക്കുന്നുണ്ട്.

ശ്രീ. ഇ.കെ. നായനാർ: നേരത്തെ പറഞ്ഞതിന് നേരെ വിപരീത മാണ് മന്ത്രി ഇപ്പോൾ പറയുന്ന മറുപടി. ഇങ്ങനെ പറയാൻ സ്പീക്കർ മന്ത്രിമാരെ അനുവദിക്കുന്നത് ശരിയല്ല.

ശ്രീ. കാനം രാജേന്ദ്രൻ: ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ടിൽ വളരെ ടെക്നിക്കൽ ഗ്രൗണ്ടിലാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിൽ പങ്കില്ല എന്നു പറഞ്ഞിരിക്കുന്നത്. ആരോപണങ്ങളെക്കുറിച്ച് ഓരോന്നായി പരിശോധിച്ചുകഴിഞ്ഞതിനുശേഷം കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് ഒരു ആട്ടോണമസ് ബോഡി ആയതുകൊണ്ട് ഇറെഗുലാരിറ്റികൾക്ക് ഉത്തരവാദിത്വം ബോർഡിനാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഒരു അഴിമതി നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അതിന്റെയടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടി എന്നുള്ള നിലയിൽ ഇലക്ട്രിസിറ്റി ബോർഡിലെ അന്നത്തെ ഭാരവാഹികൾക്കും ഉദ്യോഗസ്ഥൻമാർക്കും എതിരായി ഏതെങ്കിലും നോട്ടീസ് കൊടുക്കുകയോ അവരോട് വിശദീകരണം ചോദിക്കുകയോ ഇതുവരെ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. വയലാർ രവി: ഇതുവരെ അങ്ങനെയൊരു നടപടി ബോർഡിൽ നിന്നു സ്വീകരിച്ചതായി അറിയില്ല.

ഇലക്ട്രിസിറ്റി ബോർഡിൽ പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ

* 165 [211] ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി:
,, ഇ.ടി. മുഹമ്മദ് ബഷീർ:
,, കെ.പി.എ. മജീദ്:
,, പി.കെ.കെ. ബാവ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ പൊതുപണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിലുള്ള ശിക്ഷണനടപടി എന്ന നിലയിൽ എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തു;

(ബി) ഇതിൽ എത്ര പേരുടെ സസ്പെൻഷൻ പിൻവലിച്ചു;

(സി) എന്ത് മാനദണ്ഡമനുസരിച്ചാണ് സസ്പെൻഷൻ പിൻവലിച്ചത്?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) പണിമുടക്കാനവകാശമുള്ള ആരേയും പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ സസ്പെന്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly